ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) അഷ്ടമുടി കായൽ, പമ്പ, മണിമല എന്നീ നദികൾ വേമ്പനാട്ടുകായലു മായി ചേരുന്ന അവസാന ഭാഗത്തും ആലപ്പുഴ-കോട്ടയം, ആലപ്പുഴ, ചങ്ങനാശ്ശേരി ജല പാതകൾ, വേമ്പനാട്ടുകായൽ, വൈക്കം കായൽ, പെണ്ണാർതോട്, പെരുമ്പളം കായൽ, കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങൾ, കൊറ്റി-കോട്ടപ്പുറം ജലപാത എന്നിവിടങ്ങളിൽ ജലഗതാഗത വകുപ്പ് യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കുറവാണ്.

(ഡി) ജലഗതാഗത വകുപ്പിൽ പാസഞ്ചർ സർവ്വീസാണ് നടത്തുന്നത്. ജലപാത കളുടെ വികസനം അറ്റകുറ്റപ്പണി, നവീകരണം മുതലായവ ഇറിഗേഷൻ വകുപ്പാണ് ചെയ്യുന്നത്. ജലയാത്രക്കായി സ്റ്റീൽ, ഫൈബർ ബോട്ടുകൾ ആധുനിക രീതിയിൽ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതാണ്.

അടച്ചുപൂട്ടാൻ നോട്ടീസ് ലഭിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ

10 [*340] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, ടി. പി. രാമകൃഷ്ണൻ :
,, എം. വി. ജയരാജൻ :
,, എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി മാലിന്യ സംസ്കരണത്തിനുള്ള താല്ക്കാലിക സംവിധാനം ഏർപ്പെടുത്താത്ത സംസ്ഥാനത്തെ ഇരുനൂറോളം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് വ്യവസാ യവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) ഉണ്ട്.

(ബി) 198 വ്യവസായസ്ഥാപനങ്ങൾക്കാണ് അടച്ചുപൂട്ടൽ നോട്ടീസ് നൽകിയത്. നോട്ടീസ് നൽകിയ വ്യവസായശാലകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഒഴിവാക്കാനായി ഒരു കോമൺ ട്രീറ്റ്മെന്റ്, സ്റ്റോറേജ് ആന്റ് ഡിസ്പോസൽ ഫെസിലിറ്റി (ടി.എസ്.ഡി.എഫ്.) കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി വ്യവസായവകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) നോഡൽ ഏജൻസിയായി നിയമിച്ചു. മാത്രമല്ല കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന പേരിൽ ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. പൊതുസംവിധാനത്തിന് ഏകദേശം 60 കോടി രൂപ മുതൽമുടക്ക് വരുന്ന ഈ കമ്പനിയിൽ മാലിന്യം കൈകാര്യം ചെയ്യേണ്ട വ്യവസായ ശാലകൾ ഷെയർ എടുക്കുകയും ഇതിലേക്കായി 42.75 കോടി രൂപയോളം കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റിനായും അപേക്ഷയും നൽകിയിട്ടുണ്ട്. പദ്ധതിക്കായി എഫ്.എ.സി.റ്റി.-യിൽ നിന്നും 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ടം മേഖലയിലെ വേതനം പുതുക്കാൻ നടപടി

1 [*341] ശ്രീ. പി. ടി. തോമസ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. വാഹീദ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിലെ വേതനം ഇപ്പോൾ എത്രയാണ് ;

(ബി) ഇത് എന്ന് തീരുമാനിക്കപ്പെട്ടതാണ്; പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) തോട്ടം മേഖലയിലെ വേതനം 6-3-2003-ലെ പ്ലാന്റേഷൻ ലേബർ കമ്മറ്റി തീരുമാനപ്രകാരം താഴെ പറയുന്ന പ്രകാരമാണ്.

1. തേയില:—ഫീൽഡ് ജോലിക്കാരുൾപ്പെടെയുള്ളവരുടെ ദിവസ വേതനം പ്രായപൂർത്തിയായവർക്ക് 82 രൂപ 90 പൈസയും പ്രായപൂർത്തിയാകാത്തവർക്ക് 64 രൂപ 18 പൈസയുമാണ്. ഫാക്ടറി വർക്കേഴ്സിന് 84 രൂപ 90 പൈസയാണ്.

2. റബ്ബർ:—ഫീൽഡ് വർക്കേഴ്സിന്റെ ദിവസവേതനം പ്രായപൂർത്തിയായവർക്ക് 87 രൂപ 47 പൈസയും പ്രായപൂർത്തിയാകാത്തവർക്ക് 67 രൂപ 61 പൈസയും ഫാക്ടറി ജോലിക്കാർക്ക് 89 രൂപ 72 പൈസയുമാണ്.

3. കാപ്പി:—പ്രായപൂർത്തിയായ തൊഴിലാളികൾക്ക് 82 രൂപ 80 പൈസയും പ്രായപൂർത്തിയാകാത്തവർക്ക് 63 രൂപ 96 പൈസയുമാണ് ദിവസ വേതനം.

LIBRARY ARCHIVES Kerala Legislative Assembly